(ബി) പ്രസ്തുത ആവശ്യം സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത തുറമുഖ വികസനത്തിന് അത്യന്താപേക്ഷിതമായ ഈ പ്രവൃത്തി ഏറ്റെടുക്കുന്നതിന് അടിയന്തര പരിഗണന നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ആവശ്യം പരിശോധിച്ചുവരുന്നു.

(സി) അഴീക്കൽ തുറമുഖ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് നിലവിലുള്ള 110 കെ.വി. അഴീക്കോട് സബ്സ്റ്റേഷനിൽ നിന്നും ഒരു 33 കെ. വി. ലൈനും 33 കെ. വി. സബ്സ്റ്റേഷനും സ്ഥാപിച്ച് പരിഹരിക്കാവുന്നതാണ്.

നെല്ലിക്കാപറമ്പ് 33 കെ. വി. സബ്സ്റ്റേഷൻ

191 (4254) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടി മണ്ഡലത്തിലെ നെല്ലിക്കാപറമ്പ് നിർദ്ദിഷ്ട 33 കെ. വി. സബ്സ്റ്റേഷന്റെ നിലവിലുള്ള അവസ്ഥയെന്താണെന്നു വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ എത്രയാണെന്നും പ്രവൃത്തി എന്നാരംഭിക്കുമെന്നും എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുംമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവമ്പാടി മണ്ഡലത്തിലെ നെല്ലിക്കാപ്പറമ്പ് 33 കെ. വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലമെടുപ്പിന് ആവശ്യമായ ഗവൺമെന്റ് ഓർഡർ നൽകിയിട്ടുണ്ട്. സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതിനുവേണ്ടി കളക്ടറുടെ നേതൃത്വത്തിലുള്ള നെഗോഷ്യേറ്റഡ് പർച്ചേയ്സ് കമ്മിറ്റി കൂടേണ്ടതുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 721 ലക്ഷം രൂപ ആകുന്നു. സ്ഥലം ലഭ്യമായാൽ ഉടൻ തന്നെ സബ്സ്റ്റേഷന്റെ പണി ആരംഭിക്കുന്നതാണ്.

ആറ്റിങ്ങൽ സിവിൽ സ്റ്റേഷനിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് നടപടി

192 (4255) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ സിവിൽ സ്റ്റേഷനിൽ ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിനുള്ള നടപടി വൈകുന്നതിന്റെ എന്തെങ്കിലും കാരണമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതുവരെയായി ;

(സി) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുവേണ്ടി ഫിനാൻസ് വകുപ്പ് തുക അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ട്രാൻസ്ഫോർമർ എത്ര നാളിനകം സ്ഥാപിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) ആറ്റിങ്ങൽ സിവിൽ സ്റ്റേഷനിൽ ഒരു 100 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 2,34,780 രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ഡെപ്പോസിറ്റ് ഇനത്തിൽ ടി തുക അടയ്ക്കേണ്ടത് ചിറയിൻകീഴ് താലൂക്ക് തഹസിൽദാർ ആണ്. തുക അടയ്ക്കുന്നതിന് അറിയിപ്പ് കൊടുത്തിട്ടുണ്ട്. പ്രസ്തുത തുക അടച്ചുകഴിഞ്ഞാൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. ഫിനാൻസ് വകുപ്പ് തുക അനുവദിച്ചു നൽകിയിട്ടില്ല.

കെ.എസ്.ഇ.ബി. പെറ്റി കോൺട്രാക്റ്റ് വർക്കേഴ്സിനെ മസ്ദൂർ തസ്തികയിൽ നിയമിക്കുവാൻ നടപടി

193 (4256) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യത്തിന് നിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ജോലി ചെയ്യുന്ന പെറ്റി കോൺട്രാക്റ്റ് വർക്കേഴ്സിൽ നിന്നും ബോർഡിലുണ്ടാവുന്ന മസ്ദൂർ തസ്തികയിൽ ആകെ ഒഴിവുകളിൽ 25% നിയമനം നടത്തണമെന്ന് പാലക്കാട് ഇൻഡസ്ട്രീയൽ ട്രൈബ്യൂണൽ അവാർഡ് 27/2004 തീയതി 15-12-2004-ൽ ഉത്തരവിട്ടതിനെ കെ.എസ്.ഇ.ബി. കേരള ഹൈക്കോടതിയിൽ സിംഗിൾ, ഡിവിഷൻ ബെഞ്ചുകളിൽ അപ്പീൽ പോവുകയും തള്ളപ്പെടുകയും തുടർന്ന് സുപ്രീം കോടതിയിൽ പോകുകയും ആയതും തള്ളപ്പെട്ട കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കേസ്സിൽ അതിനുശേഷം എന്ത് നടപടി സ്വീകരിച്ചെന്നും പെറ്റികോൺട്രാക്ടർ തൊഴിലാളികളെ പ്രസ്തുത ട്രൈബ്യൂണൽ അവാർഡ് പ്രകാരം നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 2010 മാർച്ച് 12-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതുസംബന്ധിച്ച പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ (ഐ.ഡി.നം.27/2002) 15-12-2004-ലെ വിധി നടപ്പിലാക്കുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly